**കേരള സർക്കാർ**

**സംഗ്രഹം**

കേരള സർവീസ് ചട്ടങ്ങൾ- ലൈബ്രറി കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രത്യേക ആകസ്മിക അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

സ.ഉ(അ)നം. **99/2017/**ധന. തിരുവനന്തപുരം, തീയതി **29/07/2017.**

പരാമർശം: 1. 28/04/2005 തീയതിയിലെ സ.ഉ(സാധാ) നം.**724/05/**ഉവിവ
2. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി, തിരുവനന്തപുരം -യുടെ 09/06/2016 തീയതിയിലെ കത്ത് നം. 22/2894/16.

## ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, ജില്ലാ ലൈബ്രറി കൗൺസിലുകൾ, താലൂക്ക് ലൈബ്രറി കൗൺസിലുകൾ എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് മത്സരിക്കാൻ അനുവാദം നൽകുകയുണ്ടായി. പരാമർശം 2-ലെ കത്ത് പ്രകാരം ലൈബ്രറി കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ജീവനക്കാർക്ക് കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കുന്നതിനായി പ്രത്യേക ആകസ്മിക അവധി അനുവദിക്കണമെന്ന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി, തിരുവനന്തപുരം ആവശ്യപ്പെട്ടിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താലൂക്ക്, ജില്ല, സ്റ്റേറ്റ് ലൈബ്രറി കൗൺസിലുകളിലേയ്ക്ക് അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും അതാത് കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് അതാത് കൗൺസിലുകളിലെ പ്രസിഡന്റുമാർ നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു കലണ്ടർ വർഷത്തിൽ പരമാവധി 20 ദിവസത്തെ പ്രത്യേക ആകസ്മിക അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.കേരള സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്യ് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
**ജി.അശോക് കുമാർ**
ജോയിന്റ് സെക്രട്ടറി

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
ജനറൽ മാനേജർ, കെ.എസ്.ആർ.റ്റി.സി, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/മഹാത്മാഗാന്ധി/കണ്ണൂർ സർവ്വകലാശാലകൾ (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി.
സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തോടുകൂടി).
സെക്രട്ടറി, കെ.എസ്.ഇ.ബി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
എല്ലാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആമുഖ കത്തോടുകൂടി).
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്തോടുകൂടി).
നോഡൽ ഓഫീസർ, www.finance.kerala.gov.in
ദി വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ